**Desabhimani**
**16 July 2018**
**Aluva, Heavy Rain, periyar ,Water Level Increase**

# പെരിയാറിൽ ജലനിരപ്പ് ഉയർന്നു

**ആലുവ**

തുടർച്ചയായി പെയ്യുന്ന മഴ പെരിയാറിലെ ജലനിരപ്പ് ഉയരുന്നതിന് കാരണമായി. ശിവരാത്രി മണപ്പുറം വെള്ളത്തിനടിയിലായി. ശിവക്ഷേത്രത്തിൽ വെള്ളം കയറി. ഇത്തവണ ഇത് രണ്ടാംതവണയാണ് ശിവക്ഷേത്രത്തിൽ വെള്ളം കയറുന്നത്.

പെരിയാറിൽ ഒഴുക്കും ശക്തമായി. പുഴയിലെ വെള്ളത്തിൽ ചളിയുടെ തോത് അധികരിച്ചിട്ടുണ്ട്. മഴ തുടർന്നാൽ വീണ്ടും ജലനിരപ്പ് ഉയരാനിടയാകും.